"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-കൊല്ലം ജില്ലയിൽ 2021 മുതലുള്ള പ്രകൃതി ക്ഷോഭത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്കുള്ള ധനസഹായം അനുവദിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്-സി) വകുപ്പ്

സ.ഉ.(സാധാ) നം.1286/2026/RD തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:- സ.ഉ.(സാധാ)നം.287/2026/DMD തീയതി 07.07.2026

**ഉത്തരവ്**

കൊല്ലം ജില്ലയിൽ 2024, 2025 എന്നീ വർഷങ്ങളിൽ പ്രകൃതി ക്ഷോഭത്തിൽ ഭവനനാശം സംഭവിച്ചവർക്ക് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ (SDRF) നിന്നും ധനസഹായം അനുവദിക്കുന്നതിനായി 6,99,99,000/- (ആറ് കോടി തൊണ്ണൂറ്റൊമ്പത് ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരം രൂപ മാത്രം) രൂപയും, 2021 മുതലുള്ള പ്രകൃതിക്ഷോഭത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും CMDRF വിഹിതമായി നൽകുവാനുള്ള 2,87,20,200/- രൂപയും (രണ്ട് കോടി എൺപത്തിയേഴ് ലക്ഷത്തി ഇരുപതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം) കൊല്ലം ജില്ലാ കളക്ടർക്ക് അനുവദിച്ചുകൊണ്ട് പരാമർശം പ്രകാരം ഉത്തരവായിരുന്നു.

(2) പരാമർശം ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ 2021 മുതലുള്ള പ്രകൃതിക്ഷോഭത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും CMDRF വിഹിതമായി നൽകുവാനുള്ള 2,87,20,200/- രൂപ (രണ്ട് കോടി എൺപത്തിയേഴ് ലക്ഷത്തി ഇരുപതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം) കൊല്ലം ജില്ലാ കളക്ടർക്ക് അനുവദിച്ച്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) വിതരണത്തിനാവശ്യമായി വരുന്ന തുകയായ 2,87,20,200/-(രണ്ട് കോടി എൺപത്തിയേഴ് ലക്ഷത്തി ഇരുപതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം ) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കൊല്ലം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASHREE T K

സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
ദുരന്ത നിവാരണ (എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Ajitha V V
Date: 08-07-2026 13:03:45
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്കക്ക്
വന്യൂറവന്യൂ ഡി.ആർ.എഫ്. എ/ഡി.ആർ.-ബി )വകുപ്പുകൾക്ക്